മിസ്റ്റർ ഐ. എൻ. മേനോൻ.—ഇല്ല.

മിസ്റ്റർ കെ. പി. വള്ളോൻ.—വല്ല സ്കൂളുകളിലും പുസ്തകം മടക്കി വാങ്ങിച്ചിട്ടുള്ളതായി അധഃകൃതസംരക്ഷകൻ അറിഞ്ഞിട്ടുണ്ടോ?

മിസ്റ്റർ ഐ. എൻ. മേനോൻ.—ആ വിവരങ്ങളെല്ലാം അധഃകൃതസംരക്ഷകനോടു് എഴുതിച്ചോദിച്ചു് ഇവിടെ സമർപ്പിച്ചിട്ടുള്ളതാണു്. അതിൽ കൂടുതലായ വിവരങ്ങളെല്ലാം ദിനോട്ടീസുകൂടാതെ പറയുവാൻ നിവൃത്തിയില്ല. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ അധഃകൃതസംരക്ഷണ ഡിപ്പാർട്ടുമെണ്ടു് എന്നൊരു സംരക്ഷണയിൽ അല്ല ഇരിയ്ക്കുന്നതു്.

മിസ്റ്റർ ജാജ്ജു് ചാക്യാമുറി.—അതിനു് ഡിപ്പാർട്ടുമെണ്ടുമേലദ്ധ്യക്ഷൻ ഉത്തരവാദിയല്ലെങ്കിൽ അതുസംബന്ധിച്ചു് ഈ കൌൺസിലിൽ ചോദിയ്ക്കുന്ന ചോദ്യങ്ങൾക്കു് മറുപടി പറയുവാൻ ഉത്തരവാദി ആരാണെന്നറിഞ്ഞാൽകൊള്ളാം.

മിസ്റ്റർ ഐ. എൻ. മേനോൻ.—ഇത്രവളരെ വിവരങ്ങൾ അടങ്ങീട്ടുള്ള ഒരു കാര്യത്തിൽ പെട്ടെന്നു് ഒരു ചോദ്യം ചോദിച്ചാൽ ഉത്തരം പറയുവാൻ അസാദ്ധ്യമാണെന്നേ പറയുന്നുള്ളൂ.

മിസ്റ്റർ ജാജ്ജു് ചാക്യാമുറി.—അധഃകൃതസംരക്ഷണ ഡിപ്പാർട്ടുമെണ്ടിനെപ്പറ്റി ചോദ്യം ചോദിച്ചാൽ ആരാണു് മറുപടിപറയേണ്ടതു്.

രാമവർമ്മതമ്പുരാൻ.—ഇവിടെ കാണുന്നതായ ഇൻഫർമേഷൻ മുഴുവനും തരുവാൻ ഞങ്ങൾ തയ്യാറാണു്.

കൊടുങ്ങല്ലൂർ ആസ്പത്രിയിൽ ഒരു രോഗിയുടെ ഹർജി.

176. മിസ്റ്റർ കെ. പി. വള്ളോൻ.—എ. ഫ്രാൻ മേടത്തിൽ കൊടുങ്ങല്ലൂർ അസിസ്റ്റൻറു് സർജ്ജനു് അഴീക്കോട്ടുകാരൻ പുലയൻ അഴകൻ അടിയന്തിരമായി റജിസ്റ്റു ചെയ്തു് അയച്ച ഒരു സങ്കട ഹർജി കിട്ടിയതായി ചീഫ് മെഡിക്കൽ ആഫീസർ അവർകളുടെ അറിവിൽ പെട്ടിട്ടുണ്ടോ;

ബി. ആ ഹർജി കാര്യത്തിൽ വല്ല അന്വേഷണങ്ങളും നടത്തിയിട്ടുണ്ടോ; ആ ഹർജിയുടെ ഒരു കാപ്പി ഈ മേശപ്പുറത്തു വയ്ക്കുമോ;

സി. ദരിദ്രന്മാരും നിസ്സഹായകളുമായ രോഗികൾക്കു് ഗവർമ്മെണ്ടു ചിലവിന്മേൽ ഭക്ഷണം കൊടുപ്പാൻ ഏർപ്പാടു ചെയ്തിട്ടുണ്ടോ; ഉവ്വു് എങ്കിൽ, ഹർജിയിൽ പറഞ്ഞിരിക്കുന്ന രോഗിക്കു് യാതൊരു ഭക്ഷണവും കൊടുക്കാതിരിപ്പാൻ കാരണമെന്തു്;

ഡി. കൊടുങ്ങല്ലൂർ ആസ്പത്രിയിൽ ചേർത്ത മറ്റുള്ള രോഗികൾക്കു് വിശേഷിച്ചു് പാവങ്ങൾക്കു് സർക്കാർ ചിലവിന്മേൽ ഭക്ഷണം കൊടുത്തു വരുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

ഉ. ഹർജിക്കാരൻ അഴകനെ ആസ്പത്രിയിൽ ചേർക്കാതിരിപ്പാൻ കാരണമെന്ത്; അഴകൻ ചോര തുപ്പുന്നതു കണ്ടിട്ട് 'വെറുതെ മുറുക്കിയിട്ടുണ്ടോ' എന്നു് അവജ്ഞതയിൽ കടക്കുന്ന അഴകനോടു് ലേഡി ഡാക്ടർ ചോദിച്ചിട്ടുണ്ടോ;

ന. കൊടുങ്ങല്ലൂർ ആസ്പത്രിയിൽ നിന്നും അഴീക്കോട്ടേക്ക് എത്ര ദൂരം ഉണ്ടു; രോഗി അഴകനെ ആസ്പത്രിയിൽ നിന്നും പിരിച്ചുവിട്ടതു് ഏതു തിയതിയിൽ ആണു; നടക്കുവാനെങ്കിലും സുഖമാകും മുമ്പെടി രോഗിയെ പിരിച്ചയക്കുവാൻ കാരണമെന്തു;

ഒ. കൊടുങ്ങല്ലൂർ ആസ്പത്രിയിൽ ആ ഘട്ടത്തിൽ അസിസ്റ്റൻറു് സർജ്ജൻ ആരായിരുന്നു?

ഡാക്ടർ ഡി. രാഘവേന്ദ്രറാവു.—ഉ. ഉവ്വു്.

ഖ. ഉവ്വു്. അനുബന്ധം നോക്കുക. (*Appendix II*)

ഗ. ആസ്പത്രിയിൽ കിടത്തി ചികത്സിക്കുന്ന സാധുക്കളായ രോഗികൾക്കു് ഭക്ഷണം കൊടുപ്പാൻ ഏർപ്പാടു ചെയ്തിട്ടുണ്ടു്. എന്നാൽ സാധാരണ അടിപിടി കേസുകൾക്കു് ആസ്പത്രിയിൽ നിന്നു് ഭക്ഷണം കൊടുക്കാറില്ല. അതുകൊണ്ടു് ഈ രോഗിക്കും ഭക്ഷണം കൊടുത്തില്ല.

ഘ. ആസ്പത്രിയിൽ കിടത്തി ചികത്സിക്കുന്ന സാധുക്കളായ രോഗികൾക്കു് സർക്കാർ ചിലവിന്മേൽ ഭക്ഷണം കൊടുക്കാറുണ്ടു്.

ങ. കിടത്തി ചികത്സിക്കേണ്ട രോഗികളുടെ കൂട്ടത്തിൽ അഴകനെ പെടുത്തേണ്ട ആവശ്യമില്ലാതിരുന്നതു കൊണ്ടാണു് അയാളെ ചേർക്കാഞ്ഞതു്. അഴകൻ ചോര തുപ്പിയതുമില്ല. അതുകൊണ്ടു് അപ്രകാരം ഒരു ചോദ്യം ചോദിക്കേണ്ട ആവശ്യവും ഉണ്ടായിട്ടില്ല.

ന. ഏകദേശം ർ൯ നാഴിക അഴകനെ ഇൻപേഷ്യൻറു് ആയി ചേർത്തിട്ടും ചികത്സിച്ചിട്ടും ഇല്ല.

ഒ. ഡാക്ടർ എ. ബാബുറാവു.

മിസ്റ്റർ. കെ. അയ്യപ്പൻ.—സബ്"ഡിവിഷൻ നമ്പർ ന. "എന്നാൽ സാധാരണ കൊടുക്കാറില്ല" എന്നു പറഞ്ഞിരിയ്ക്കുന്നു. ചിലപ്പോഴെങ്കിലും കൊടുക്കാറുണ്ടോ?

മിസ്റ്റർ ഡി. രാഘവേന്ദ്രറാവു.—ഉവ്വു്.

മിസ്റ്റർ കെ. അയ്യപ്പൻ.—അങ്ങനെ ചിലപ്പോൾമാത്രം കൊടുക്കുവാൻ കാരണം?

മിസ്റ്റർ ഡി. രാഘവേന്ദ്രറാവു.—വളരെ സാധുക്കളായ ആളുകൾക്കും ദരിദ്രന്മാർക്കും ഭക്ഷണം കൊടുത്തുവരുന്നുണ്ടു്.

മിസ്റ്റർ കെ. അയ്യപ്പൻ.—ഈ ഹർജിയിൽ പറയുന്ന ആൾ സാധുവായിരുന്നില്ലേ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ ഡി. രാഘവേന്ദ്രറാവു.—അതെന്തോ. ആസ്പത്രിയിൽ ഇരുന്നിരുന്നകാലത്തു് അയാൾ സ്വന്ത ചിലവുമേലാണു് ഭക്ഷണം കഴിച്ചിരുന്നതു്.

മിസ്റ്റർ കെ. അയ്യപ്പൻ.—അയാൾ സാധുവായിരുന്നില്ലേ?

മിസ്റ്റർ ഡി. രാഘവേന്ദ്രറാവു.—സാധുവായിരുന്നുവൊ, ഇല്ലയൊ, സാധുവെന്നപദം റിലേററിവാണു്.

മിസ്റ്റർ കെ. അയ്യപ്പൻ.—അയാൾക്കു് ഭക്ഷണത്തിനു് കൊടുക്കുവാൻമാത്രം അത്ര സാധുവായിരുന്നില്ലെ?

മിസ്റ്റർ ഡി. രാഘവേന്ദ്രറാവു.—അങ്ങിനെയാണെന്നതോന്നുന്നില്ല. Criminal പുള്ളികൾക്കു് അങ്ങനെ കൊടുക്കാറുമില്ല. ആകെ കൊടുങ്ങല്ലൂർ ആസ്പത്രിക്കു് ൪൦൦ രൂപയേ അനുവദിച്ചിട്ടുള്ളു. അതു് ഒരു കൊല്ലത്തേക്കുപോലും മതിയാകയില്ല. ഈ തുക കൊണ്ടുതന്നെയാണു് എല്ലാവക്കും ഭക്ഷണവും മറ്റും കൊടുക്കേണ്ടതു്.

മിസ്റ്റർ കെ. അയ്യപ്പൻ.—ഇയാൾ സാധുവല്ലാഞ്ഞിട്ടോ പണം തികയാതിരുന്നിട്ടോ ഇയാൾക്കു ഭക്ഷണം കൊടുക്കാതിരുന്നതു്?

മിസ്റ്റർ ഡി. രാഘവേന്ദ്രറാവു.—രണ്ടുകാര്യംകൊണ്ടും.

അധഃകൃതവിദ്യാർത്ഥികൾക്കുള്ള പുസ്തകം സ്ലേറ്റ് കൊടുക്കുവാനുള്ള താമസം.

177. മിസ്റ്റർ കെ. പി. വള്ളോൻ.—(ക) അധഃകൃത വിദ്യാർത്ഥികൾക്കു് ഗവമ്മെണ്ടിൽ നിന്നും സൌജന്യമായി നൽകുന്ന പുസ്തകം, സ്ലേറ്റ്, മുതലായവ സ്കൂൾ തുറന്നിട്ടു് ഒന്നര മാസമായിട്ടും, ഇനിയും കൊടുത്തിട്ടില്ലാത്തതെന്തുകൊണ്ടാണു്;

(ഖ) ഈ കൊല്ലം പുസ്തകങ്ങൾ മുതലായവ കൊടുക്കുവാൻ കൺട്രാക്ടു് നൽകിയിരിക്കുന്നതാർക്കാണു്.

(ഗ) പുസ്തകം, സ്ലേറ്റു് മുതലായവ അതാതു സ്കൂൾകാരോടു് നേരിട്ടു് ഷാപ്പുകളിൽ നിന്നും വാങ്ങിക്കൊൾവാൻ അധഃകൃത സംരക്ഷകൻ സർക്കുലറോ മറ്റോ അയച്ചിട്ടുണ്ടോ;

(ഘ) ഉണ്ടെങ്കിൽ എന്തുകൊണ്ടാണു് പഴയപോലെ കൺട്രാക്ടു് നൽകാതെ ഇങ്ങിനെ ഒരു പുതിയ ഉത്തരവു് അയക്കുവാൻ ഇടയായതു്;

(ങ) ടെണ്ടർ പ്രകാരം കൺട്രാക്ടു് കൊടുക്കുന്നതുകൊണ്ടു് ഗവമ്മെണ്ടിലേക്കു് കുറച്ചു് ആദായം ഉണ്ടാകുമായിരുന്നില്ലേ;

(ച) അധഃകൃതർക്കായി നൽകുന്ന വസ്തുക്കൾ വാങ്ങി കൊടുക്കുവാൻ ആരെയാണു് സംരക്ഷകൻ ഏല്പിച്ചിട്ടുള്ളതു്;

(ഛ) ഈ കൺട്രാക്ടു് നൽകുന്നതിനു മുമ്പു് ഗസററിൽ പരസ്യം ചെയ്തു് ടെണ്ടർ ആവശ്യപ്പെട്ടിട്ടുണ്ടോ

LIBRARY ARCHIVES Kerala Legislative Assembly

APPENDIX II.

(Vide Answer to Question No. 176.)

കൊടുങ്ങല്ലൂർ അസിസ്റ്റൻറ് സബ്ജൻ അവർകളുടെ മുമ്പാകെ

കൊടുങ്ങല്ലൂർ താലൂക്ക് അഴീക്കോട് വില്ലേജിൽ തൈച്ചാലിലെ പണിയിൽ നല്ലും വള്ളോൻ മകൻ അഴകൻ ബോധിപ്പിയ്ക്കുന്ന ഹർജ്ജി.

എൻറെ അച്ഛൻ വള്ളോനെ ആസ്പത്രിയിൽ ചേർത്തു ചികത്സിച്ചുവരുന്നുണ്ടല്ലൊ. മൂന്നു നാലു ദിവസമായിട്ട് തമ്പുരാനും ലേഡി ഡാക്ടർ തമ്പുരാട്ടിയും അച്ഛനോട് പുറത്തു പോകണമെന്നും, ദിവസേന ആസ്പത്രിയിൽ വന്നു മരുന്നു വാങ്ങി കൊണ്ടുപോയാൽ മതിയെന്നും, ഇനി ആസ്പത്രിയിൽ കിടത്തി ചികത്സിയ്ക്കാൻ തരമില്ലെന്നും മറ്റും പറഞ്ഞുകൊണ്ടിരിയ്ക്കുകയും ഞങ്ങൾ സങ്കടം പറയുമ്പോൾ ഇന്നത്തെയും കൂടി കിടന്നോ എന്നു പറഞ്ഞ് കിടത്തുകയുമാണല്ലൊ ചെയ്തുവരുന്നത്. അച്ഛനു് ഇതേവരെ പറയത്തക്ക സുഖമൊന്നും കിട്ടീട്ടില്ല. ഒറ്റ ഒറ്റ അടി വച്ചു നടക്കാൻ തുടങ്ങിയിട്ടുണ്ടെന്നല്ലാതെ അര നാഴിക ഒന്നിച്ചു നടക്കാൻ ഇനിയും തുടങ്ങീട്ടില്ല. ഞങ്ങളുടെ കൂടിയിൽ നിന്നും ആസ്പത്രിയിലേക്ക് നാലഞ്ചു നാഴികയിൽ കുറയാതെ അകലമുണ്ട്. ഉള്ളിലെ കേടും കൈമേൽ പറ്റി മുറിവും മറ്റു പല സുഖക്കേടുകളും ഇനിയും ഭേദപ്പെട്ടിട്ടില്ല. ആസ്പത്രിയുടെ സമീപം എവിടെ എങ്കിലും താമസിച്ചു ചികത്സിയ്ക്കുവാൻ ഞങ്ങൾ വളരെ ദരിദ്രന്മാരും നിസ്സഹായകരും അധീനതരുമാകയാൽ അതിനും തരമില്ല. ഇത്ര വളരെ അകലെ നിന്നു നടന്നുവന്നു മരുന്നു വാങ്ങുവാനോ, വേറെ എവിടെ എങ്കിലും പോയി ഏതുവിധമെങ്കിലും ഒരു ചികത്സ നടത്താനോ ഞങ്ങൾക്കു തരവും ശക്തിയുമില്ല. അതുകൊണ്ട് തമ്പുരാൻ അവർകളുടെ ദയവുണ്ടായി ദൈവത്തെയോർത്തു് എൻറെ അച്ഛനെ സുഖക്കേടുകൾ ഭേദപ്പെടുന്നതുവരെ ആസ്പത്രിയിൽ കിടത്തി ചികത്സിയ്ക്കണമെന്നും, കഴിയും വേഗത്തിൽ സുഖക്കേടുകൾ മാറി തരണമെന്നും വളരെ ഭക്തിയോടും താഴ്മയോടും കൂടി അപേക്ഷിച്ചുകൊള്ളുന്നു. ഇതേവരെ അച്ഛനു് പാൽ, കഞ്ഞി മുതലായി മരുന്നു ഒഴികെ ഉള്ളതു് എൻറെ ജ്യേഷ്ഠൻ മുതലായവർ വേലയെടുത്തു കിട്ടുന്നതിൽനിന്നു് നിവൃത്തിച്ചു കൊടുത്തുവന്നു. ഇനി അവരെകൊണ്ടു് യാതൊരു തരവുമില്ലെന്നു പറയുന്നു. അതുകൊണ്ട് പാൽ, കഞ്ഞി, മുതലായി രോഗിയുടെ ഭക്ഷണത്തിനു് വേണ്ടതു് ദയവുണ്ടായി ആസ്പത്രിയിൽ നിന്നു് സർക്കാർ ചിലവിലേക്കു കൊടുപ്പിക്കണമെന്നു് താഴ്മയോടും സങ്കടത്തോടും ബോധിപ്പിച്ചുകൊള്ളുന്നു. ഞങ്ങൾക്കു് കേസ് നടത്തണമെന്നു് ആഗ്രഹമില്ല. അതിനു് ഒരു കുറവുമില്ല. തല്ലുകൊണ്ട സങ്കടത്താൽ മുമ്പു് ഞങ്ങൾ ആവലാതിപ്പെട്ടതാണു്. മുതലാളിമാർ കേസു് വേണ്ടെ

LIBRARY ARCHIVES Kerala Legislative Assembly

ന്നു പറകയും, അതു കാരണം സാക്ഷികളെ കിട്ടാനും മറും പ്രയാസമായിരിയ്ക്കയും ചെയ്യുന്നു. എങ്ങനെ എങ്കിലും വേഗത്തിൽ സുഖക്കേടുകൾ മാറി കിട്ടണമെന്നല്ലാതെ കേയിസിനു് ഞങ്ങൾക്കു് ആഗ്രഹമില്ല. ആസ്പത്രിയിൽ കിടത്തി ചികിത്സിയ്ക്കുവാൻ അപേക്ഷിയ്ക്കുന്നതു് കേസിന്റെ വകുപ്പു കൂടി കിട്ടാനൊന്നുമില്ലാത്തതിനാലും, ഞങ്ങൾ അശുദ്ധികൾ ആകയാലും, സുഖക്കേടുകൾക്കു് ശമനം കിട്ടീട്ടില്ലാത്തതിനാലും തമ്പുരാനവർകളുടെ കൃപാകടാക്ഷമുണ്ടാകണമെന്നു് പ്രത്യേകം അപേക്ഷിച്ചു കൊള്ളുന്നു.

ഞങ്ങൾ അക്രമമായ തല്ലും ഉപദ്രവങ്ങളും ഏറു് ആസ്പത്രിയിൽ വന്നപ്പോൾ തമ്പുരാൻ ഉണ്ടായിരുന്നില്ലല്ലൊ. ലേഡി ഡാക്ടർ എന്ന ആസ്പത്രിയിൽ ചേർത്തില്ല. അച്ഛനെ പോലും ചോപ്പാൻ കറെ മടിച്ചു. അച്ഛൻ ചത്തുപോകുമോ എന്ന സംശയം തോന്നീട്ടാണു് പിന്നീടു ചേർത്തതു്. ഞാൻ ചോര തുപ്പിയതു കാണിച്ചു കൊടുത്തിട്ടു് വെറിലെ മുറുക്കി വന്നിരിക്കയൊണൊ എന്നു് ആ തമ്പുരാട്ടി ചോദിക്കയുണ്ടായി. എനിക്കിപ്പോഴും ഉള്ളിലും പുറത്തും വേദനയും മറു പലസുഖക്കേടുകളുംഉണ്ടു്. ആസ്പത്രിയിൽ അച്ഛനോടു് ദയവില്ലാതെ പെരുമാറി വരുന്നതായി അറിയുന്നു. ഇതൊക്കെയും വളരെ സങ്കടവും ദൈവകോപത്തിനടയുള്ളതുമാണു്. കരുണയോടെ ബഹുമാനപ്പെട്ട ശവമ്മെണ്ടു് ഇങ്ങനെയുള്ള ധർമ്മങ്ങൾ ഞങ്ങളെപ്പോലെയുള്ള പാവങ്ങളുടെ രക്ഷയ്ക്കും ഗുണത്തിനുമായിട്ടാണു് ഏർപ്പെടുത്തിയതെന്നാണു് ഞങ്ങളുടെ അറിവും വിശ്വാസവും. ചീഫ്മെഡിക്കൽ ആഫീസർ തമ്പുരാന്റെയും ദിവാൻജി സ്സായ്പു് അവർകളുടേയും മുമ്പാകെ ചെന്നു് സങ്കടം പറയുവാൻ ഇടവരുത്തരുതെന്നു് താഴ്മയോടെ ബോധിപ്പിച്ചു കൊള്ളുന്നു. ഈ ഹർജി എഴുത്തി ഇതയുമായപ്പോൾ എന്റെ അനുജൻ വന്നു് അച്ഛനെ പുറത്താക്കി എന്നുള്ള വിവരം പറഞ്ഞു കരയുകയുണ്ടായി. അച്ഛനു അഴിക്കോട്ടേക്കു് പോകുവാൻ തരമില്ലാതെ ആസ്പത്രിക്കടുത്തു് ഒരു ചായ പീടികയുടെ ഉമ്മറത്തു് ഇരുന്നും കിടന്നും കഴിച്ചു കൂട്ടുകയാണു്. തമ്പുരാൻ ദൈവത്തെയോർത്തു് അച്ഛനെ വിണ്ടും ആസ്പത്രിയിൽ ചേർത്തു് ചികിത്സിച്ചു് വേഗം സുഖപ്പെടുത്തണമെന്നു് വളരെ സങ്കടത്തോടെബോധിപ്പിച്ചുകൊള്ളുന്നു.

എന്നു് ക ക ഠെ മേടം ക വ-ാംനു-.

ടി അഴീകൻ (ഒപ്പു്).

LIBRARY ARCHIVES Kerala Legislative Assembly